# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 193 08.03.2018- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായ വികസനം

**ചോദ്യം**

**ശ്രീ.ആർ.രാജേഷ്**
**ശ്രീ.സി.കൃഷ്ണൻ**
**ശ്രീ.മുരളി പെരുനെല്ലി**
**ശ്രീ.സി.കെ.ഹരീന്ദ്രൻ**

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ "യുവവീവ്" എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കുടുംബ ശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിൽ ആയി പുതിയ 500 പേരെ നെയ്ത്തു മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "ഒരു വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ആരംഭിച്ചിട്ടുണ്ട്. 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടേറ്റിനെയും ചുമതലപ്പെടുത്തുകയുമുണ്ടായി. ഒന്നാംഘട്ടത്തിൽ 2017 അദ്ധ്യയന വർഷത്തേക്ക് ആകെ ആവശ്യമായ തുണി നെയ്യുവാൻ 2929 നെയ്ത്തുകാർ സന്നദ്ധരാകുകയും 2718 സ്കൂളുകളിലെ ഒന്നു മുതൽ അഞ്ചാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് രണ്ട് ജോടി വീതം യൂണിഫോമിന് ആവശ്യമായ 9.4 ലക്ഷം മീറ്റർ തുണി കൈത്തറിയിൽ നെയ്ത് നിർദ്ദിഷ്ട നിറങ്ങളിൽ ചായം മുക്കി നൽകിയിട്ടുണ്ട്. 2,20,148 സ്കൂൾ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 2018 സ്കൂൾ വർഷത്തേക്ക് 23 ലക്ഷം മീറ്റർ തുണിയുടെ ആവശ്യമുണ്ട്. 3500 ൽ പരം നെയ്ത്തുകാർ ഇപ്പോൾ നെയ്ത്തു വരുന്നുണ്ട്. നെയ്ത്ത് തുണി ചായം മുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2018 അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നതിനു മുൻപായി സ്കൂളുകളിൽ യൂണിഫോം എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(സി) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്ര കൈത്തറി ഉത്പന്നങ്ങളുടെ സ്റ്റോക്ക് നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ സമയബന്ധിതമായി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഡയറക്ടേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരം, 2018 അദ്ധ്യയന വർഷത്തേക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള ഏകദേശം 4.5 ലക്ഷം കുട്ടികൾക്കായി ഏകദേശം 23 ലക്ഷത്തിലധികം മീറ്റർ തുണി ആവശ്യമായിട്ടുണ്ട്. ആയതിലേക്കായി ഇതു വരെ 23 ലക്ഷം മീറ്റർ തുണി നെയ്ത്തു കഴിഞ്ഞു. ഇത് ചായം മുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആവശ്യത്തിലേയ്ക്കായി കൈത്തറി ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ ഉത്പാദനശേഷി സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് നിലവിലുണ്ടോ; കൈത്തറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കായി കൈത്തറി ഉൽപാദിപ്പിക്കുന്നത് കേരളത്തിലെ മുഴുവൻ പ്രാഥമിക കൈത്തറി സഹകരണ സംഘത്തിലെയും ഹാൻവീവിലെയും നെയ്ത്തുകാരും ഒറ്റത്തറി നെയ്ത്തുകാരും ഉൾപ്പെടെ 3600 പേരെ പങ്കെടുപ്പിച്ചാണ്. സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം, ജില്ലയിൽ നിന്നും നെയ്തെടുക്കുന്ന തുണി ചായം മുക്കുന്നതിനായി അയക്കുന്നതും, ചായം മുക്കി ലഭ്യമായ തുണി ഡയറക്ടേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം വിതരണം ചെയ്യുന്നതും ഹാന്റക്സ്, ഹാൻവീവ് തുടങ്ങിയ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഹാന്റക്സും, തൃശ്ശൂർ മുതൽ കാസർഗോഡ് ജില്ലകൾ വരെ ഹാൻവീവും തുണികൾ വിവിധ സ്കൂളുകൾക്കായി വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ